"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ഓഫീസുകളിലേക്ക് 50 (അൻപത്) ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ CPRCS മുഖേന വാങ്ങുന്നതിന് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ.ഉ.(സാധാ) നം.489/2025/LBR തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:-

1. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 25/07/2024-ലെ 429-ാമത് യോഗ തീരുമാനം.
2. 11/09/2024-ലെ ടെക്നിക്കൽ കമ്മിറ്റി യോഗ തീരുമാനം.
3. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 24/09/2024-ലെ KMTCEO/1095/2023-C1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ഓഫീസുകളിലേക്ക് പുതിയ 50 ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള അനുമതിക്കായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (3) പ്രകാരം ശിപാർശ ലഭ്യമാക്കുകയുണ്ടായി. പരാമർശം (2)-ലെ ടെക്നിക്കൽ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഓഫീസിലെ ദൈനംദിന ആവശ്യങ്ങൾക്കായി 45 ഇന്റൽ കോർ ഐ 3 മീഡിയം എൻഡ് ഉബുണ്ടു OS ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകളും, അക്കൗണ്ട്സ് സെക്ഷനിൽ ഉപയോഗത്തിനായി 4 ഇന്റൽ കോർ ഐ-3 മീഡിയം എൻഡ്-വിൻഡോസ് ഹോം OS ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകളും, ഐ.ടി സെല്ലിൽ നിന്നും സെർവർ അക്സസ്സ് ചെയ്യുന്നതിലേക്കും, സ്കാനിംഗ് & ഗ്രാഫിക്സ് ഉൾപ്പെടെയുള്ള പ്രവർത്തികൾക്കും ആവശ്യമായ കംപ്യൂട്ടർ ഇല്ലാത്തതിനാൽ ഐ.ടി സെല്ലിലേക്ക് 1 ഹൈ എൻഡ് ഇന്റൽ കോർ ഐ-5 കംപ്യൂട്ടറും ഉൾപ്പെടെ ആകെ 50 ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ CPRCS/GEM മുഖേന (വാങ്ങുന്ന സമയത്തുള്ള CPRCS/GEM നിരക്കിൽ) വാങ്ങുന്നതിന് അനുമതി നല്കണമെന്നും ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച്, ബോർഡിന്റെ വിവിധ ഓഫീസുകളിലെ ദൈനംദിന ആവശ്യങ്ങൾക്കായി 45 ഇന്റൽ കോർ ഐ 3 മീഡിയം എൻഡ് ഉബുണ്ടു OS ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകളും (Rs.38,471 X 45) അക്കൗണ്ട്സ് സെക്ഷനിൽ ഉപയോഗത്തിനായി 4 ഇന്റൽ കോർ ഐ-3 മീഡിയം എൻഡ്-വിൻഡോസ് ഹോം OS ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകളും (Rs.38,471 X 4) ഐ.ടി സെല്ലിലേക്ക് 1 ഹൈ എൻഡ് ഇന്റൽ കോർ ഐ-5 കംപ്യൂട്ടറും (Rs.51,701 X1) ഉൾപ്പെടെ ആകെ 50 (അൻപത്) ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ CPRCS/GEM മുഖേന (വാങ്ങുന്ന സമയത്തുള്ള CPRCS/GEM നിരക്കിൽ) വാങ്ങുന്നതിന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) ഡെസ്ക് ടോപ്പുകൾ വാങ്ങുന്നത് സംബന്ധിച്ച ചെലവിന്റെ വിശദാംശങ്ങൾ സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എൻ.കെ.ചന്ദ്ര
അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (24/01/2025 തീയതിയിലെ 2398380/LBR-2/99/2023-FIN കുറിപ്പ് പ്രകാരം)
ഇലക്ട്രോണിക്സ് & ഐ.ടി (ഐ.ടി-സെൽ) വകുപ്പ്(07/02/2025 തീയതിയിലെ ITCell-2/26/2025-ITD കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Arun S R
Date: 15-04-2025 14:28:18
സെക്ഷൻ ഓഫീസർ

പകർപ്പ് :-
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്